**No. 165/2020**

# സ്വയംസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന

# പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും, സഹപട്ടക്കാരും, ദേശത്തുപട്ടക്കാരും, പള്ളി കൈസ്ഥാനികളും, ശേഷം വിശ്വാസികളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,

നമ്മുടെ കർത്താവിന്റെ ശരീരമായ സഭ പരിശുദ്ധ മാർത്തോമ്മാ ശ്ലീഹായാൽ മലങ്കരയിൽ സ്ഥാപിക്കപ്പെട്ടിട്ട് രണ്ട് സഹസ്രാബ്ദങ്ങൾ പിന്നിടുകയാണല്ലോ. ക്രിസ്തീയ സാക്ഷ്യത്തോടും സത്യവിശ്വാസത്തോടും കൂടെ ഈ ദേശത്ത് ഇക്കാലമത്രയും നിലനിൽക്കുവാൻ ദൈവം നമ്മെ സഹായിച്ചു. പരിശുദ്ധ സഭയുടെ വിദേശ ബന്ധങ്ങൾ പലപ്പോഴും തർക്കങ്ങളിലേക്കും, വ്യവഹാരങ്ങളിലേക്കും നമ്മെ നയിച്ചിട്ടുണ്ട് എന്നുള്ളത് പരമാർത്ഥമാണ്. നീണ്ടുനിന്ന തർക്കങ്ങളുടെയും വ്യവഹാരങ്ങളുടെയും പരിസമാപ്തി എന്ന നിലയിലാണ് 2017 ജൂലൈ 3-ാം തീയതിയിലെ ബഹു. സുപ്രീംകോടതി വിധിയെ നാമെല്ലാവരും വിലയിരുത്തിയത്. പരിശുദ്ധ സഭയിൽ ശാശ്വതസമാധാനം കൈവരുത്തുന്നതിന് ഈ വിധിയിലൂടെ സാധിക്കുമെന്ന് നാം ഏവരും വിശ്വസിക്കുകയും ചെയ്തു. അതുകൊണ്ടുതന്നെയാണ് മലങ്കര സഭാമക്കൾ ഏവരും ഒന്നായിത്തീരുവാനും ഒരേ വിശ്വാസത്തിന്റെ പൈതൃകം പേറുന്ന കുടുംബാംഗങ്ങൾ എന്ന നിലയിൽ ക്രിസ്തുവിന്റെ ഏക ശരീരമായി, വ്യവഹാര രഹിത സഭയായി നിലനിന്നുകൊണ്ട്, ശാശ്വത സമാധാനത്തിലേക്ക് എത്തിച്ചേരുവാനും നാം ഹൃദയപൂർവ്വം ആഹ്വാനം ചെയ്തത്. അതിനുള്ള ശ്രമമാണ് നാം തുടർന്നുകൊണ്ടിരിക്കുന്നത്. ഒരു വിശ്വാസിപോലും സഭയ്ക്ക് നഷ്ടമായിക്കൂടാ. സമാധാനം ദൈവീക ദാനമാണ്, പിശാചിന്റെ കൗശലമായ കലഹം സഭാഗാത്രത്തിൽ ഉണ്ടാക്കുന്ന മുറിവുകൾ അങ്ങേയറ്റം വേദനാജനകമാണ്.

വാത്സല്യമക്കളെ, ദിവ്യവും ദൈവീകവുമായ സമാധാനത്തിനുവേണ്ടി നാം ഏവരും പ്രതീക്ഷിക്കുകയും, പ്രാർത്ഥിക്കുകയും ചെയ്യുന്നുവെങ്കിലും കലഹവും ഭിന്നതയും ഇന്നും തുടരുന്നു എന്നത് ഏറെ ദു:ഖത്തോടെ മാത്രമേ കാണുവാനാകൂ. ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയുടെയും സഭാ ഭരണഘടനയുടെയും അടിസ്ഥാനത്തിൽ ഈ സഭയിൽ ശാശ്വത സമാധാനം സ്ഥാപിക്കപ്പെടുവാൻ ബലഹീനനായ നാം ദൈവമുമ്പാകെ മുട്ടിപ്പായി പ്രാർത്ഥിക്കുന്നു. നിലവിലുള്ള സാഹചര്യത്തിൽ ലഭ്യമായിരിക്കുന്ന സ്വാതന്ത്ര്യം പോലും നഷ്ടമാക്കുവാൻ പിശാച് സർവ്വശക്തിയോടും കൂടി പരിശ്രമിക്കുന്ന കാഴ്ച വളരെ വ്യക്തമാണ്. സമാധാനം തകർത്തുകൊണ്ട് അക്രമം നടത്തുവാൻ ശ്രമിക്കുന്ന തല്പരകക്ഷികൾ വ്യാജവാർത്തകൾ പരത്തുവാനും ഏറെ ബദ്ധപ്പെടുന്നു. 'കഴിയുമെങ്കിൽ വ്രതസ്ഥരെപ്പോലും തെറ്റിക്കു'വാനായി ഉഴലുന്ന ആകൽക്കറുസായുടെ തന്ത്രങ്ങൾക്ക് ഉപകരണങ്ങളായി ഉപയോഗിക്കപ്പെടുന്നവർ സമാധാനത്തിനുള്ള അവസരം നഷ്ടമാക്കുകയാണ് ചെയ്യുന്നത്. പള്ളികളിൽ നടത്തപ്പെടുന്ന അക്രമങ്ങളും, സമൂഹ മാദ്ധ്യമങ്ങളിലൂടെയുള്ള വ്യാജ പ്രചരണങ്ങളും, പരിശുദ്ധ സഭയുടെ ചുമതലക്കാരുടേതെന്ന നിലയിൽ സമൂഹത്തെ വിഷലിപ്തമാക്കുവാനായി കൃത്രിമ രേഖകൾ ചമയ്ക്കുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങളും ദൈവമുമ്പാകെ ശിക്ഷാർഹങ്ങളാണെന്ന് ഇവയൊക്കെയും ആസൂത്രണം ചെയ്യുന്നവർ മറന്നുപോകരുത്. നമ്മുടെ കർത്താവ് കൽപ്പിച്ചിരിക്കുന്നതിൻപ്രകാരമുള്ള ശാശ്വത സമാധാനം പരിശുദ്ധ സഭയിൽ സ്ഥാപിക്കപ്പെടുന്നതിനുവേണ്ടി പ്രാർത്ഥനയോടും ഉപവാസത്തോടും കൂടെ നാം ഏവരും ദൈവസന്നിധിയിൽ നമ്മുടെ യാചനകൾ സമർപ്പിക്കണം. സഭയിലെ എല്ലാ മെത്രാസനങ്ങളുടെയും ആഭിമുഖ്യത്തിലും, ആത്മീയ പ്രസ്ഥാനങ്ങളുടെയും, ഇടവകകളുടെയും സഹകരണത്തോടെയും സെപ്റ്റംബർ മാസം 4, 5, 6 തീയതികളിൽ നമ്മുടെ മെത്രാസന കേന്ദ്രങ്ങളിൽ അഖണ്ഡ പ്രാർത്ഥന നടത്തണം. ഭരണകർത്താക്കളിൽനിന്നും നീതിപീഠങ്ങളിൽനിന്നും ഈ സഭയ്ക്ക് അർഹമായ നീതി ലഭ്യമാകുവാനും സമാധാന തുറമുഖത്തേയ്ക്ക് നാം എത്തിച്ചേരുവാനും ദൈവമുമ്പാകെ നമ്മെ തന്നെ സമർപ്പിച്ചുകൊണ്ട് പ്രാർത്ഥി

(മറുപുറം)

ക്കണം. പരിശുദ്ധ സഭയുടെ സ്വാതന്ത്ര്യത്തിന്റെ പ്രതീകമായ പൗരസ്ത്യ കാതോലിക്കേറ്റ് മലങ്കരയിൽ സ്ഥാപിക്കപ്പെട്ട സെപ്റ്റംബർ മാസം 15-ാം തീയതി നമ്മുടെ പള്ളികളിൽ വിശുദ്ധ കുർബ്ബാന അർപ്പിക്കുകയും, കാതോലിക്കേറ്റ് പതാക ഉയർത്തുകയും, പരിശുദ്ധ സഭയ്ക്കുവേണ്ടി പ്രത്യേകം പ്രാർത്ഥന നടത്തുകയും ചെയ്യണം. സഭയുടെ സത്യസന്ധമായ നിലപാടുകളും ശാശ്വത സമാധാനത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങളും മാദ്ധ്യമങ്ങളിലൂടെ സമൂഹത്തെ അറിയിക്കുവാൻ ഓരോരുത്തരും ആവും വിധം പരിശ്രമിക്കണം.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ വി. മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസ്, മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................



2020 സെപ്റ്റംബർ മാസം 02-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.

**ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**